# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2021 ആഗസ്റ്റ് 2, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I. അനുമോദനം

കുമാരി പി. വി. സിന്ധുവിന് അനുമോദനം

മി. സ്പീക്കർ: ടോക്കിയോ ഒളിംപിക്സിൽ വനിതാ സിംഗിൾസ് ബാഡ്മിന്റൺ മത്സരത്തിൽ വെങ്കലമെഡൽ നേടിയ കുമാരി പി. വി. സിന്ധുവിനെ കേരള നിയമസഭ അഭിനന്ദിക്കുന്നു.

## II. അടിയന്തരപ്രമേയം

### റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടൽ

മി. സ്പീക്കർ: വിവിധ റാങ്ക് ലിസ്റ്റുകളുടെ കാലാവധി 2021 ആഗസ്റ്റ് 4-ന് അവസാനിക്കുന്ന സാഹചര്യത്തിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ കാലാവധി ദീർഘിപ്പിക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചതിനെത്തുടർന്ന് ലിസ്റ്റിന്റെ കാലാവധി 2 മാസം കൂടി നീട്ടി നൽകിയ വിധി മറ്റ് റാങ്ക് ലിസ്റ്റുകൾക്കുകൂടി ബാധകമാകുന്ന പശ്ചാത്തലത്തിൽ സർക്കാർ അനുകൂല നടപടിയെടുക്കാത്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പി. എസ്. സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുക എന്നതാണ് സർക്കാരിന്റെ നയം. റിക്രൂട്ട്മെന്റ്, പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് തയ്യാറാക്കൽ, ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യൽ തുടങ്ങിയവ പി.എസ്.സി.യുടെ ഭരണഘടനാപരമായ അധികാരമാണ്.

കോവിഡ്-19 വ്യാപനംമൂലം പി.എസ്.സി.-ക്ക് യഥാസമയം മത്സരപ്പരീക്ഷകൾ നടത്താൻ കഴിയാത്ത സാഹചര്യമുണ്ടായെങ്കിലും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും നിയമന ശിപാർശ നൽകുന്നതിനും തടസ്സമുണ്ടായിട്ടില്ല. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്ത നിയമനാധികാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്. നിയമന നിരോധനം ഉണ്ടാവുകയോ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് അസാധാരണ സാഹചര്യം നിലനിൽക്കുകയോ ചെയ്യുമ്പോഴാണ് കാലാവധി നീട്ടാൻ പി.എസ്.സി.യോട് ശിപാർശ ചെയ്യാറുള്ളത്. ആയതിനാൽ റാങ്ക് ലിസ്റ്റ് നീട്ടാനുള്ള സാഹചര്യം നിലവിലില്ല. മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപന തീവ്രത കുറഞ്ഞാലുടൻ പുനരാരംഭിക്കുന്നതാണ്. റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമനം നടത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: കോവിഡ് വ്യാപന പശ്ചാത്തലത്തിൽ സർക്കാർ ഓഫീസുകൾക്ക് പ്രവൃത്തി ദിനങ്ങൾ നഷ്ടപ്പെട്ടതിനാൽ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിലും പ്രൊമോഷൻ സംബന്ധിച്ച തർക്കങ്ങൾ തീർപ്പാക്കുന്നതിലുമുണ്ടായ കാലതാമസംമൂലം റാങ്ക് പട്ടികയിലുൾപ്പെട്ടവർക്ക് നിയമനം ലഭിക്കാത്തതിനാൽ അക്കാര്യത്തിൽ

സർക്കാർ ഉദാരസമീപനം സ്വീകരിക്കണം. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കാൻ ആറുമാസമെങ്കിലും വേണ്ടിവരുന്ന സാഹചര്യത്തിൽ ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കാതെ അപ്രഖ്യാപിത നിയമന നിരോധനത്തിനാണ് സർക്കാർ ശ്രമിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഒരു പ്രത്യേക റാങ്ക് ലിസ്റ്റിനുമാത്രമായി കാലാവധി ദീർഘിപ്പിച്ചുനൽകാൻ സാധിക്കില്ല. റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ ആളുകൾക്കും ജോലി നൽകിയതിനുശേഷം പുതിയ റാങ്ക് ലിസ്റ്റിനെക്കുറിച്ചാലോചിക്കാമെന്നതും പ്രായോഗികമല്ല. നിലവിലുള്ള ഒഴിവിന്റെ ഇരട്ടിയിലധികം ആളുകളെ ഉൾപ്പെടുത്തിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. നിലവിലുള്ള എൽ.ഡി.സി./ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റുകളിൽനിന്നും പരമാവധി നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. 2021 മേയ് 20-നുശേഷം 591 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിലെ മുഴുവൻപേർക്കും തൊഴിൽ നൽകുകയെന്ന അശാസ്ത്രീയമായ സമീപനം സ്വീകരിക്കാൻ കഴിയാത്തതിനാലാണ് നിശ്ചിത അവധിവച്ച് റാങ്ക് ലിസ്റ്റുകളുടെ കാലാവധി പൂർത്തിയാകുന്നതും പുതിയ റാങ്ക് ലിസ്റ്റ് അടിയന്തരമായി കൊണ്ടുവരുന്നതും. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, പി. ജെ. ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

ലേബർ കോഡുകളുടെ ഭേദഗതി

ശ്രീ. പി. നന്ദകുമാർ: കോർപ്പറേറ്റ്വത്കരണത്തിന്റെ ഭാഗമായി രാജ്യത്തെ 29 തൊഴിൽ നിയമങ്ങൾ സംയോജിപ്പിച്ച് നാല് കോഡുകളാക്കി മാറ്റിയ കേന്ദ്ര ഗവൺമെന്റിന്റെ ജനാധിപത്യ വിരുദ്ധ നടപടി തൊഴിലാളികൾക്ക് ലഭിച്ചുവന്നിരുന്ന ആനുകൂല്യങ്ങളും അവകാശങ്ങളും നഷ്ടപ്പെടുത്തുന്നതാണ്. പുതിയ നിയമം നിലവിൽ വരുന്നതോടെ സംസ്ഥാനത്തെ മിനിമം വേജസ് ബോർഡിന്റെ സ്വതന്ത്ര സ്വഭാവം ഇല്ലാതാകുകയും കരാർ തൊഴിലാളികളുടെ നിലനിൽപ്പ് അപകടത്തിലാവുകയും ചെയ്യും. കേന്ദ്ര നിയമത്തിന്റെ പരിമിതിക്കുള്ളിൽനിന്ന് തൊഴിലാളികളുടെ അവകാശങ്ങൾ

സംരക്ഷിക്കാനുതകുന്ന തരത്തിലുള്ള നിയമം സംസ്ഥാനത്ത് നടപ്പാക്കാൻ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): 'ഡൂയിംഗ് ബിസിനസ് ഈസി' എന്ന കേന്ദ്ര നയത്തിന്റെ അടിസ്ഥാനത്തിലാണ് രാജ്യത്ത് നിലവിലുള്ള 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ച് നാല് നിയമങ്ങളാക്കിയത്. പുതിയ തൊഴിലാളി നിയമത്തിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ തൊഴിലാളി അനുകൂല നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട ഈ വിഷയത്തിൽ കേന്ദ്രം നിയമമുണ്ടാക്കിയതിൽ ചില സംസ്ഥാനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. തൊഴിലാളി താല്പര്യം സംരക്ഷിച്ചും ആരോഗ്യപരമായ തൊഴിലാളി-ഉടമ ബന്ധം നിലനിർത്തുന്നതുമായ നിയമം തയ്യാറാക്കാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചുവരുന്നു.

(ഡോ. എം. കെ. മുനീർ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ പരിഗണിച്ചില്ല.)

## IV. സബ്മിഷൻ

### 1. ആശ്വാസ കിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ധനസഹായം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ആശ്വാസകിരണം പദ്ധതിയിൽ അംഗമായവർക്കുള്ള ധനസഹായം പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): 2020 ഫെബ്രുവരി മുതലുള്ള ആശ്വാസ കിരണം പദ്ധതി ആനുകൂല്യം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് യോഗം ചേർന്ന് 40 കോടി രൂപ അനുവദിച്ചിട്ടുള്ളതും ഗുണഭോക്താക്കളുടെ ഇരട്ടിപ്പ് ഒഴിവാക്കുന്നതിന് രണ്ടുമാസത്തിനകം ലൈഫ് സർട്ടിഫിക്കറ്റ് ആധാറുമായി ബന്ധിപ്പിക്കണമെന്ന നിബന്ധന ഉൾപ്പെടുത്തുകയുമുണ്ടായി. മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കി ഗുണഭോക്തൃ ലിസ്റ്റ് പുന:ക്രമീകരിക്കാനാണ് ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിരിക്കുന്നത്. കോവിഡ് പശ്ചാത്തലത്തിൽ തീവ്ര ഭിന്നശേഷിയുള്ളവരുടെയും കിടപ്പുരോഗികളുടെയും ലൈഫ് സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതിനും ആധാർ ലിങ്കിംഗ് പൂർത്തീകരിക്കാനുമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് വർക്കിംഗ് ഗ്രൂപ്പ് മുന്നോട്ടുവച്ച നിബന്ധന താത്കാലികമായി ഇളവ്

ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരികയാണ്. കുടിശ്ശിക തീർക്കുന്നതിനാവശ്യമായ തുക അധികധനാനുമതിയിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## 2. വഴിയോര മത്സ്യക്കച്ചവടം

ശ്രീ. സി. ആർ. മഹേഷ്: പാരിപ്പള്ളി-വർക്കല റോഡിൽ വഴിയോരത്ത് കച്ചവടം നടത്തിയ മത്സ്യം നശിപ്പിച്ചവർക്കെതിരെ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പാരിപ്പള്ളി-വർക്കല റോഡിൽ 28-7-2021-ന് മത്സ്യക്കച്ചവടം നടത്തിയ സ്ഥലത്ത് ജനങ്ങൾ കൂട്ടംകൂടി നിൽക്കുന്നുവെന്ന് തദ്ദേശീയർ പരാതി ഉന്നയിച്ചതിനെതുടർന്ന് 'ഡി' കാറ്റഗറിയിൽപ്പെട്ട സ്ഥലമായതിനാൽ പോലീസ് കച്ചവടക്കാരോട് അവിടെനിന്നും മാറാൻ നിർദ്ദേശിക്കുകയാണുണ്ടായതെന്നും മത്സ്യങ്ങളോ, പാത്രങ്ങളോ തട്ടിമറിക്കുകയോ വലിച്ചെറിയുകയോ ചെയ്തിട്ടില്ലെന്നും മത്സ്യം വാരിയെറിഞ്ഞ രംഗം കൃത്രിമമായി സൃഷ്ടിച്ച് പ്രാദേശിക ചാനലിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുകയാണുണ്ടായതെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്. സംഭവത്തിന്റെ നിജസ്ഥിതി പരിശോധിക്കാൻ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 3. ബൈപ്പാസ് റോഡ്

ശ്രീ. കെ. പ്രേംകുമാർ: ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് റോഡ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഒറ്റപ്പാലം-കാക്കത്തോട് ബൈപ്പാസ് റോഡുനിർമ്മാണം കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി നൽകി റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലമെടുക്കുന്നതിനുള്ള അനുമതി റവന്യൂ വകുപ്പിൽനിന്നും ലഭിച്ചിട്ടുള്ളതിനാൽ സ്ഥലം ആർ.ബി.ഡി.സി.കെ.-യ്ക്ക് കൈമാറുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## 4. എക്സൈസ് സർക്കിൾ ഓഫീസ്

ശ്രീ. മുഹമ്മദ് മുഹസിൻ: പട്ടാമ്പി പരിസരപ്രദേശങ്ങളിൽ ലഹരി, സെക്സ് മാഫിയകളുടെ പ്രവർത്തനം തടയുന്നതിനായി പോലീസിന്റെ പ്രത്യേക ടാസ്ക് ഫോഴ്സ് രൂപീകരിക്കാനും ഡീ അഡിക്ഷൻ സെന്ററും പുതിയതായി എക്സൈസ് സർക്കിൾ ഓഫീസും ആരംഭിക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് എൻഫോഴ്സ്മെന്റിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതോടൊപ്പം വിമുക്തി മിഷന്റെ നേതൃത്വത്തിൽ ശക്തമായ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ചുവരുന്നുണ്ട്. പാലക്കാട് ജില്ലയിൽ നടത്തിയ റെയ്ഡുകളിൽ നിരവധി കേസുകളെടുക്കുകയും കഞ്ചാവടക്കമുള്ള ലഹരിവസ്തുക്കൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ജനപ്രതിനിധികളുടെയും യോഗം ചേർന്ന് ജാഗ്രതാസമിതി രൂപീകരിച്ചതിനു പുറമേ ജില്ലയിൽ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുകയും ചെയ്തിട്ടുണ്ട്. പട്ടാമ്പിയിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

## 5. റവന്യൂ കോംപ്ലക്സ് നിർമ്മാണം

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): കാഞ്ഞിരപ്പള്ളിയിൽ സിവിൽ സ്റ്റേഷന് ഒരു റവന്യൂ കോംപ്ലക്സ് പുതിയതായി നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കാഞ്ഞിരപ്പള്ളി താലൂക്ക് ഓഫീസും വില്ലേജ് ഓഫീസും ഉൾപ്പെടെ ഏതാണ്ട് 25-ഓളം സർക്കാർ ഓഫീസുകൾ മിനി സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. പഴയ താലൂക്ക് ഓഫീസ് സ്ഥിതി ചെയ്തിരുന്നതും മിനി സിവിൽ സ്റ്റേഷന് സമീപത്തുള്ളതുമായ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം റവന്യൂ ടവർ നിർമ്മിക്കുന്നതിന് അനുയോജ്യമാണ്. വിവിധ ഓഫീസുകൾ ഉൾപ്പെടുന്ന റവന്യൂ കോംപ്ലക്സ് നിർമ്മിക്കുന്നത് പൊതുജനങ്ങൾക്ക് സൗകര്യപ്രദവും പ്രയോജനപ്രദവുമായതിനാൽ വിശദമായി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## 6. പുനരധിവാസ-പുന:സ്ഥാപന ധനസഹായം

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടി മണ്ഡലത്തിലൂടെ കടന്നുപോകുന്ന ദേശീയപാത 66-ന്റെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് വെങ്ങളം-അഴിയൂർ ഭാഗത്ത് വ്യാപാര സ്ഥാപനങ്ങളും വീടുകളും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ-പുന:സ്ഥാപന പാക്കേജ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോഴിക്കോട് ജില്ലയിലെ പല വില്ലേജുകളിലെയും ദേശീയപാത സ്ഥലമേറ്റെടുപ്പുമായി

ബന്ധപ്പെട്ട് വ്യാപാര സ്ഥാപനങ്ങളും വീടുകളും നഷ്ടപ്പെടുന്നവർക്ക് പുനരധിവാസ പാക്കേജ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. വെങ്ങളം മുതൽ അഴിയൂർ വരെയുള്ള റീച്ചിൽ പുനരധിവാസത്തിനായി എൽ.എ.ആർ.ആർ. ആക്ട് 2013-ലെ ഷെഡ്യൂൾ 2 പ്രകാരം നൽകാവുന്ന തുകയും സ്റ്റേറ്റ് റീഹാബിലിറ്റേഷൻ പാക്കേജ് പ്രകാരം അധികമായി അനുവദിക്കേണ്ട തുകയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി അധികമായി അനുവദിക്കേണ്ട തുക നൽകുന്നതിന് ദേശീയപാത അതോറിറ്റിയിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

## 7. അഴീക്കൽ പോർട്ട്

ശ്രീ. കെ. വി. സുമേഷ്: അഴീക്കൽ പോർട്ടിനെ റീജിയണൽ പോർട്ടായി ഉയർത്തുന്നതിന് നടപടി സ്വീകരിക്കണം.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): അഴീക്കലിൽ ആധുനിക തുറമുഖം നിർമ്മിക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തനം നടത്തിവരികയാണ്. അഴീക്കൽ തുറമുഖത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ റീജിയണൽ പോർട്ട്

ഓഫീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. അഴിമുഖത്തുനിന്നും മാറി പുറംകടലിൽ മൂന്ന് ഘട്ടങ്ങളായുള്ള തുറമുഖ വികസനമാണ് ഉദ്ദേശിക്കുന്നത്. ഈ വർഷം അവസാനത്തോടെ ഡി.പി.ആർ. തയ്യാറാക്കി ആവശ്യമായ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## 8. പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീമതി ദെലീമ: പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുവദിച്ച് പീലിംഗ് ഷെഡ് തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): പീലിംഗ് ഷെഡ് തൊഴിലാളികൾക്ക് 1999-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നൽകി വിവിധ ആനുകൂല്യങ്ങളും അനുബന്ധ തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള പദ്ധതികളും നടപ്പാക്കിവരുന്നുണ്ട്. ഇവരുടെ പ്രധാന പ്രശ്നങ്ങളായ തൊഴിലിടങ്ങളിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തതയും കുറഞ്ഞ വേതനവും ഇടനിലക്കാരുടെ ചൂഷണവും സംബന്ധിച്ച ഫിഷറീസ് വകുപ്പിന്റെ

റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ മേഖല ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

9. ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കൽ

ശ്രീ. പി. ജെ. ജോസഫ്: തൊടുപുഴ ജില്ലാ ആശുപത്രിയിൽ നെഫ്രോളജിസ്റ്റിന്റെയും ഡയാലിസിസ് ടെക്നീഷ്യന്റെയും തസ്തിക സൃഷ്ടിച്ച് ഡയാലിസിസ് സൗകര്യം വർദ്ധിപ്പിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): തൊടുപുഴ ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ 50 തസ്തികകളുൾപ്പടെ 137 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ആർ.ഒ. പ്ലാന്റിന്റെ ഇൻസ്റ്റലേഷൻ കഴിയുന്നതോടെ ഡയാലിസിസിന്റെ എണ്ണം വർദ്ധിപ്പിക്കാനാകും. നിലവിൽ എൻ.എച്ച്.എം. സ്റ്റാഫ് നഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, എച്ച്.എം.സി. സ്റ്റാഫ് നഴ്സ് എന്നിവർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ട്. നെഫ്രോളജി കൺസൽട്ടന്റിന്റെ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## 10. തസ്തിക സൃഷ്ടിക്കൽ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കാസർഗോഡ് ജില്ലയിലെ വിവിധ സർക്കാർ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): കാസർഗോഡ് ജില്ലയിൽ ലാബ് സംവിധാനം നിലവിൽ ലഭ്യമല്ലാത്ത ആശുപത്രികളിൽ അതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. ജനറൽ/ജില്ലാ ആശുപത്രികളിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് -I, ഗ്രേഡ്-II വിഭാഗങ്ങളിലായി 60 തസ്തികകൾ അനുവദിക്കുകയും ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും നിലവിൽ എൻ.എച്ച്.എം., തദ്ദേശസ്വയംഭരണ വകുപ്പ്, എച്ച്.എം.സി., കോവിഡ് ബ്രിഗേഡ് എന്നിവ മുഖേന ലാബ് ടെക്നീഷ്യൻമാരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലും ലാബ് ടെകനീഷ്യൻ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

## V. ക്രമപ്രശ്നം

### 1. കിഫ്ബി ധനവിനിയോഗം സംബന്ധിച്ച്

ശ്രീ. എ. പി. അനിൽ കുമാർ: കിഫ്ബി പദ്ധതിക്കുവേണ്ടി കോടിക്കണക്കിന് രൂപ ബഡ്ജറ്റിന് പുറത്ത് ചെലവഴിക്കുന്നുണ്ടെങ്കിലും ധനവിനിയോഗം സംബന്ധിച്ച സ്കൂട്ടിണി സഭയിലോ സബ്ജക്ട് കമ്മിറ്റിയിലോ വരുന്നില്ല. കിഫ്ബി പദ്ധതിക്കാവശ്യമായ ഫണ്ട് വായ്പയിലൂടെയും മസാലബോണ്ടിലൂടെയും കണ്ടെത്തുമെന്ന് പറഞ്ഞെങ്കിലും മോട്ടോർ വാഹന നികുതി, പെട്രോൾ സെസ്, കോർപ്പസ് ഫണ്ട് ഗ്രാന്റ് എന്നിങ്ങനെ ഖജനാവിൽനിന്നാണ് ഭൂരിഭാഗം പണവും നൽകുന്നത്. നിയമസഭ പാസ്സാക്കുന്ന കിഫ്ബി ഫണ്ട് സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടോ, വാർഷിക കണക്കുകളോ പരിശോധിക്കുന്നതിന് സഭാ സമിതികൾക്കും അവസരം ലഭിക്കുന്നില്ല. ഇതുസംബന്ധിച്ച് ചെയർ റൂളിംഗ് നൽകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ കൂടുതൽ കിഫ്ബിക്കായി ആവശ്യപ്പെടാത്തതിനാലാണ് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരാത്തത്. 2019-20 വരെയുള്ള ധനകാര്യ വർഷത്തിലെ കിഫ്ബിയുടെ വാർഷിക കണക്കുകളും വാർഷിക റിപ്പോർട്ടുകളും ഫിഡലിറ്റി സർട്ടിഫിക്കറ്റും

നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. 2019-ലെ സ്പീക്കറുടെ റൂളിംഗ് പ്രകാരം കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ സംബന്ധിച്ച് ചർച്ച നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സ്വീകരിക്കുന്നതാണ്.

2. ഓർഡിനൻസ് തുടർച്ചയായി പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. അനൂപ് ജേക്കബ്: Kerala State Goods and Service Tax Ordinance, The Kerala Public Service Commission (Additional Functions as respects the services under the Waqf Board) Ordinance എന്നിവയുൾപ്പെടെ നിരവധി ഓർഡിനൻസുകൾ ലാപ്സായതിനെത്തുടർന്ന് ആവർത്തിച്ച് പുറപ്പെടുവിക്കുന്നത് ഭരണഘടനാവിരുദ്ധമാണ്. ആയതിനാൽ ഓർഡിനൻസുകൾ തുടർച്ചയായി പുറപ്പെടുവിക്കുന്ന സമീപനത്തിൽനിന്നും പിൻമാറണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): കോവിഡുമായി ബന്ധപ്പെട്ട പ്രത്യേക സാഹചര്യത്തിൽ മുൻകൂട്ടി നിശ്ചയിച്ച തീയതിക്ക് മുമ്പുതന്നെ സമ്മേളനങ്ങൾ അവസാനിപ്പിക്കേണ്ടതായി വന്നിട്ടുള്ളതിനാൽ ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കാനും പാസ്സാക്കാനും കഴിഞ്ഞിട്ടില്ല. സഭ മുമ്പാകെ പ്രസിദ്ധീകരിച്ചിട്ടുള്ള ബില്ലുകളും ഓർഡിനൻസുകൾക്കുപകരമുള്ള ബില്ലുകളും കാര്യോപദേശക സമിതി

തീരുമാനിക്കുന്ന സമയത്ത് ബന്ധപ്പെട്ട വകുപ്പിന് സഭയിൽ അവതരിപ്പിച്ച് നിയമനിർമ്മാണ പ്രക്രിയ പൂർത്തിയാക്കാവുന്നതാണ്.

3. ഔദ്യോഗിക സ്ഥാനപ്പേരിൽ വന്ന വ്യത്യാസം

ശ്രീ. മഞ്ഞളാംകുഴി അലി: ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ സ്ഥാനപ്പേര് 'ഊർജ്ജ വകുപ്പുമന്ത്രി' എന്നും 'വൈദ്യുതി വകുപ്പുമന്ത്രി' എന്നും വ്യത്യസ്തങ്ങളായി നിയമസഭാ രേഖകളിലും ഔദ്യോഗിക രേഖകളിലും പ്രസിദ്ധീകരിക്കുന്നത് ചട്ടവിരുദ്ധമായതിനാൽ അത് തിരുത്തുന്നതിനും ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും നിർദ്ദേശം നൽകണം.

**റൂളിംഗ്**

മി. സ്പീക്കർ: കംപ്ട്രോളർ & ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ കിഫ്ബിയുടെ ധനവിനിയോഗവുമായി ബന്ധപ്പെട്ട് ശ്രീ. എ. പി. അനിൽ കുമാർ ഉന്നയിച്ച ആക്ഷേപം വസ്തുതാപരമല്ല; ടി റിപ്പോർട്ടിലെ നടപടിക്രമം പാലിക്കാതെ ഉൾപ്പെടുത്തിയ ഓഡിറ്റ് പരാമർശങ്ങൾ ഒരു പ്രമേയത്തിലൂടെ സഭ നിരാകരിക്കുകയാണുണ്ടായത്. കിഫ്ബിയുമായി ബന്ധപ്പെട്ട കണക്കിനങ്ങൾ ഉൾപ്പെടുന്ന "പലവക സാമ്പത്തിക സർവ്വീസുകൾ" എന്ന 28-ാം നമ്പർ ധനാഭ്യർത്ഥന പൊതുവായി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയിൽ

വരുന്നതാണെങ്കിൽപ്പോലും അതിനു കീഴിൽ വരുന്ന " 5475 - മറ്റ് പൊതു സാമ്പത്തിക സർവ്വീസുകൾ സംബന്ധിച്ച മൂലധന ചെലവ്" എന്ന മേജർ ഹെഡ് പ്രത്യേകമായി സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ ഇത്തവണയും ഉൾപ്പെടുത്തിയിട്ടില്ല. മേജർ ഹെഡ്ഡിന്റെ പരിധിയിൽ വരുന്ന ചെലവിനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ സർക്കാരിൽനിന്നും നേരിട്ട് ആവശ്യപ്പെടുന്നതിനും പരിശോധിക്കുന്നതിനും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് എല്ലാ അധികാരവുമുണ്ട്. ഭാവിയിൽ അത്തരം സാധ്യതകൾ സമിതി പ്രയോജനപ്പെടുത്തുമെന്ന് കരുതുന്നു. ഇക്കാര്യത്തിൽ വീണ്ടും ക്രമപ്രശ്നം ഉയർന്നുവന്ന സാഹചര്യത്തിൽ അടുത്ത വർഷം മുതൽ മേല്പറഞ്ഞ മേജർ ഹെഡ്ഡിന്റെ കീഴിൽ വരുന്ന വിശദാംശങ്ങൾ കൂടി സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ ഷെഡ്യൂളിൽ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണെന്ന് ചെയർ റൂൾ ചെയ്യുന്നു.

ശ്രീ. അനൂപ് ജേക്കബ് ഉന്നയിച്ച വിഷയം ചെയർ പരിശോധിച്ചു. ലോക്ഡൗണിന്റെ പശ്ചാത്തലത്തിൽ കഴിഞ്ഞ കാലങ്ങളിലെ സഭാ സമ്മേളന ദിനങ്ങളിൽ ഗണ്യമായി കുറവു വന്നതുമൂലമാണ് ഇത്രയധികം ഓർഡിനൻസുകൾ ഒരേസമയം നിലനിൽക്കുന്ന സ്ഥിതിവിശേഷം

സംജാതമായത്. പുതിയ നികുതി നിർദേശങ്ങൾ അടങ്ങുന്നതും സഭയിൽ വിശദമായ ചർച്ചകൾ നടക്കേണ്ടതും സുപ്രധാനവുമായ ഒട്ടേറെ നിയമങ്ങളാണ് ബില്ലുകളായി സഭ മുമ്പാകെ വരാതെ ഓർഡിനൻസായിത്തന്നെ നിലനിൽക്കുന്നത്. ഇപ്പോൾ പ്രാബല്യത്തിലിരിക്കുന്ന 44 ഓർഡിനൻസുകളും ഈ സഭാസമ്മേളനം അവസാനിക്കുന്നതോടുകൂടി re-promulgate ചെയ്യേണ്ടി വരുമെന്നാണ് കാണുന്നത്. ഇപ്പോൾ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകൾക്ക് പകരമുള്ള നിയമങ്ങൾ സഭയിൽ പാസ്സാക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ നിയമ വകുപ്പിന്റെ നേതൃത്വത്തിൽ തയാറാക്കണമെന്നും നിയമനിർമ്മണത്തിന് മാത്രമായി ഒക്ടോബർ - നവംബർ മാസങ്ങളിൽ സഭയുടെ പ്രത്യേക സമ്മേളനം ചേർന്ന് എല്ലാ ഓർഡിനൻസുകളേയും replace ചെയ്യുന്ന നിയമങ്ങൾ പാസ്സാക്കാൻ അവസരമൊരുക്കണമെന്നും നിർദേശിക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ പ്രത്യേക ശ്രദ്ധയുണ്ടാകണം.

ശ്രീ. മഞ്ഞളാംകുഴി അലി ചൂണ്ടിക്കാണിച്ച പിശകുകൾ ചെയർ പരിശോധിച്ചു. ബഹുമാനപ്പെട്ട മന്ത്രിമാരുടെ ഔദ്യോഗിക പദവി സൂചിപ്പിക്കുന്ന പരാമർശങ്ങളിൽ പിശകുകൾ കടന്നുകൂടാതെ തന്നെയാണ് നിയമസഭാരേഖകളിൽ ഉപയോഗിച്ചുവരുന്നത്. എന്നാൽ പുതിയ മന്ത്രിസഭ

നിലവിൽ വന്നതിനെത്തുടർന്ന് മന്ത്രിമാരുടെ വകുപ്പുകൾ നിശ്ചയിച്ചുകൊണ്ട് പൊതുഭരണ വകുപ്പ് പുറപ്പെടുവിച്ച സർക്കുലർ ഇംഗ്ലീഷ് ഭാഷയിൽ ആയിരുന്നതിനാലാണ് 'Minister for Electricity' എന്നത് 'ഊർജ്ജ വകുപ്പുമന്ത്രി' എന്ന് മലയാളത്തിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കാനിടയായത്. തുടർന്ന് പൊതുഭരണ വകുപ്പിന്റെ സർക്കുലർ പ്രകാരം മലയാളത്തിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന് വ്യക്തത വരുത്തിയ സാഹചര്യത്തിൽ ഇപ്പോൾ നിയമസഭാ രേഖകളിൽ 'വൈദ്യുതി വകുപ്പുമന്ത്രി' എന്ന രീതിയിലാണ് ഉപയോഗിച്ചുവരുന്നത്. പ്രകടമായ അർത്ഥവ്യത്യാസമില്ലെങ്കിൽപ്പോലും ഭാവിയിൽ ഇത്തരം പിശകുകൾ സംഭവിക്കാതിരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

## VI. ധനകാര്യം

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥകളുടെ സ്റ്റേറ്റ്മെന്റ് ധനകാര്യവും കയറും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

## 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XV - പൊതുമരാമത്ത്

(2277,47,57,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XLII - വിനോദസഞ്ചാരം

(161,70,54,000 രൂപ)

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ X L - തുറമുഖങ്ങൾ

(60,62,87,000 രൂപ)

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയേയും

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയേയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പാതകളും പാലങ്ങളും കെട്ടിടങ്ങളുമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സുരക്ഷാ വീഥി പദ്ധതി നടപ്പിലാക്കിയതും റോഡുകളും പാലങ്ങളും സമയബന്ധിതമായി പൂർത്തീകരിച്ചതും നെയ്യാർ-തൊട്ടുമല-കുമ്പിച്ചൽക്കടവ് പാലത്തിന്റെ നിർമ്മാണം ആരംഭിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. പ്രവൃത്തികൾ പൂർത്തിയാക്കാതെ പോകുന്ന കരാറുകാരെ നിയന്ത്രിക്കാൻ നിയമഭേദഗതി കൊണ്ടുവരണം. മലയോര ഹൈവേയുടെ നിർമ്മാണം പി.ഡബ്ല്യൂ.ഡി.-യുടെ മേൽനോട്ടത്തിൽ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം. വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിലെ പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണം. വർക്കല ശിവഗിരിയുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ച ടൂറിസം പദ്ധതി നടപ്പിലാക്കാൻ ശക്തമായ ഇടപെടൽ നടത്തണം.

<u>ശ്രീ. ടി. സിദ്ദിഖ്</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വയനാട്ടിലെ മേപ്പാടി-ചൂരൽമല-അരുണപ്പുഴ റോഡ് നിർമ്മാണത്തിന് തോട്ടംഭൂമിയും വനഭൂമിയും വിട്ടുകിട്ടുന്നതിനും കിഫ്ബിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനും പടിഞ്ഞാറേത്തറ-പൂഴിത്തോട് റോഡ് കടന്നുപോകുന്ന റിസർവ് വനഭൂമിയുടെ ക്ലിയറൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. വയനാട് ചുരത്തിന് ബദൽ റോഡോ ബൈപ്പാസോ നിർമ്മിക്കണം. വിവിധ മേഖലകളെ സംയോജിപ്പിച്ച് വയനാട് ഫെസ്റ്റ് നട<u>ത്തു</u>ന്നതിനും ടൂറിസം മേഖലയെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ഇംപ്ലിമെന്റ് ചെയ്യുന്നതിനും കൊണ്ടോട്ടി-എടവണ്ണപ്പാറ-അരീക്കോട് റോഡ് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയ പാതാ വികസനത്തിന് മതസ്ഥാപനങ്ങളുടെ സ്ഥലമേറ്റെടുക്കുമ്പോൾ നിശ്ചയിക്കുന്ന വില പ്രസ്തുത സ്ഥാപനങ്ങളുടെ ഭരണാധികാരികൾക്ക് നൽകണം. കോഴിക്കോട് എയർപോർട്ടുമായി ബന്ധപ്പെട്ട് കണക്റ്റിവിറ്റി റോഡുകൾ നിർമ്മിക്കുന്നതിനും കോവിഡ്കാല ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. തൃക്കാക്കരയിലെ മഴവിൽപ്പാലത്തിന്റെ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തണം. വിനോദസഞ്ചാര മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളും കോവിഡ്-19 പ്രതിസന്ധി അതിജീവിക്കാനുള്ള പുനരുജ്ജീവന പദ്ധതികളും സ്വാഗതാർഹമാണ്. എറണാകുളം ജില്ലയിലെ ടൂറിസം വികസനത്തിന്റെ പൊതുപ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിൽ വികസനത്തിനാവശ്യമായ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. ഫോർട്ട് കൊച്ചി ബീച്ചിൽ ജിയോട്യൂബുകൾ സ്ഥാപിച്ച് നഷ്ടപ്പെട്ട കര വീണ്ടെടുക്കാനും വിനോദ സഞ്ചാരികൾക്കാവശ്യമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും പാരമ്പര്യ കലകൾ പ്രചരിപ്പിക്കാൻ വിനോദ സഞ്ചാര വകുപ്പിന് കീഴിൽ പെർഫോമിംഗ് ആർട്സ് സെന്റർ സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കണം. ചെറായി ബീച്ചിനെ ടൂറിസ്റ്റ് ഹബ്ബാക്കി വികസിപ്പിക്കുന്നതിനും കൊച്ചിയിൽ വാട്ടർ ഒളിമ്പിക്സ് സംഘടിപ്പിച്ച് സ്ഥിരംവേദി കണ്ടെത്തുന്നതിനും വൈപ്പിൻ മണ്ഡലത്തിലെ രാമൻതുരുത്തിൽ ടൂറിസ്റ്റ് കേന്ദ്രവും അനുബന്ധ സൗകര്യങ്ങളും വാട്ടർ സ്പോർട്സ് കോംപ്ലക്സും സ്ഥാപിക്കുന്നതിനും പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഇന്റഗ്രേറ്റഡ്

അക്വാപാർക്കും ഓഷ്യനേറിയവും ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനും ഞാറയ്ക്കൽ-മാലിപ്പുറം അക്വാപാർക്കുകൾ വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം. കടമക്കുടിയിൽ ഐലന്റ് ലിവിംഗ് മ്യൂസിയം പദ്ധതിക്ക് അനുമതി നൽകുകയും കുഴുപ്പിള്ളി ബീച്ചിൽ പൊക്കാളികൃഷിക്കായി പ്രദർശനശാലയും വിൽപ്പന സ്റ്റാളും ആരംഭിക്കുകയും മുളവുകാട് പഞ്ചായത്തിൽ ലോജിസ്റ്റിക്സ് ആന്റ് ഇൻഡസ്ട്രിയൽ പാർക്ക് ആരംഭിക്കുകയും വേണം. ബീച്ചുകളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി സമഗ്രമായ പദ്ധതി തയ്യാറാക്കണം. GIDA-യുടെ ഫണ്ട് വിനിയോഗിച്ച് ഗോശ്രീ ദ്വീപുകൾ വികസിപ്പിക്കുകയും ടൂറിസ്റ്റ് സാധ്യതകൾ പരിശോധിക്കുകയും ചെയ്യണം. ഗോശ്രീ മുതൽ മുനമ്പംവരെയുള്ള പി.ഡബ്ല്യു.ഡി. റോഡ് പുനർനിർമ്മിക്കാനും വൈപ്പിൻ മണ്ഡലത്തെ ബന്ധിപ്പിക്കുന്ന തീരദേശ റോഡും മുനമ്പം-അഴീക്കോട് പാലവും ത്വരിതഗതിയിൽ പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. പി. ജെ. ജോസഫ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വാഹനത്തിരക്ക് കുറയ്ക്കുന്നതിന് റോഡുകൾ 8 വരിയാക്കുന്നതിനും നോർത്ത്-സൗത്ത് എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നതിനും റോഡുകൾ ബി.എം. & ബി.സി. ചെയ്യുന്നതിനും നടപടി സ്വീകരിക്കണം. വിനോദ

സഞ്ചാരമേഖലയിൽ ഫാം ടൂറിസം വികസിപ്പിക്കുന്നതിനും തേക്കടി-മൂന്നാർ മേഖലകളിൽ കോട്ടേജുകൾ നിർമ്മിക്കുന്നതിനും തയ്യാറാകണം.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റോഡ് സംരക്ഷണത്തിന് പുതിയ വെബ് പോർട്ടൽ, 'പി.ഡബ്ല്യു.ഡി. ഫോർ യു ആപ്', 'റിംഗ് റോഡ്' ഫോൺ ഇൻ പ്രോഗ്രാം, ദേശീയപാത ആറുവരിയാക്കുന്നതിനുള്ള നടപടികൾ, ഓരോ പഞ്ചായത്തിലും ഒരു ടൂറിസ്റ്റ് കേന്ദ്രം തുടങ്ങി ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ വിഭാവന ചെയ്തതിനെ സ്വാഗതം ചെയ്യുന്നു. പൂഞ്ഞാർ ടൂറിസം സർക്യൂട്ടിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പൊതുമരാമത്ത് വകുപ്പിന് സ്ഥിരമായ മെയിന്റനൻസ് വിംഗ് രൂപീകരിക്കണം. റോഡ് നിർമ്മാണത്തിൽ പ്ലാസ്റ്റിക്, റബ്ബർ തുടങ്ങിയവയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും പരമാവധി റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിലെത്തിക്കുന്നതിനും വാഗമൺ റോഡിന്റെ പുനർനിർമ്മാണ പ്രവൃത്തികളാരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. മുകേഷ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കോവിഡ് വ്യാപനത്തെത്തുടർന്ന് പ്രതിസന്ധിയിലായ വിനോദ സഞ്ചാര മേഖലയെ സംരക്ഷിക്കാൻ ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയതും

കെ.എഫ്.സി.-യിൽനിന്നും വായ്പ അനുവദിക്കാനുള്ള തീരുമാനവും വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആംഫിബിയൻ വാഹന സൗകര്യം ലഭ്യമാക്കാനുള്ള നടപടിയും സ്വാഗതാർഹമാണ്. മലബാർ ലിറ്ററി സർക്യൂട്ട്/ ബയോ ഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതികൾ പുതുതലമുറയിൽ സാംസ്കാരിക അവബോധം സൃഷ്ടിക്കാനുതകുന്നതാണ്. കൊച്ചിയിൽ നിന്നും ബേപ്പൂരിലേയ്ക്ക് ആരംഭിച്ച ചരക്കുകപ്പൽ സർവ്വീസ് കൊല്ലം തുറമുഖത്തേയ്ക്കുകൂടി ദീർഘിപ്പിക്കാനും എമിഗ്രേഷൻ ക്ലിയറൻസ് സൗകര്യമൊരുക്കാനും കപ്പലുകളുടെയും ജീവനക്കാരുടെയും സുരക്ഷയ്ക്കായി ഐ.എസ്./ഇ.എസ്. സർട്ടിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാഷണൽ ഹൈവേ റോഡുകൾ നവീകരിക്കാനും കൊല്ലത്തുനിന്നും ആര്യങ്കാവിലേയ്ക്കുള്ള റോഡിന്റെ ഇരുവശവും ഓരോ മീറ്റർ വീതികൂട്ടി ബസ്ബേ സ്ഥാപിക്കാനും ഗ്രാമീണ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് എം.ഡി.ആർ. ആക്കി മാറ്റാനും നടപടി സ്വീകരിക്കണം. കിഫ്ബി റോഡുകളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം. കൊല്ലം-ചെങ്കോട്ട പാതയിൽ പത്തനാപുരത്ത് കുന്നിക്കോട് ഓവർബ്രിഡ്ജ് നിർമ്മിക്കാനും ആലപ്പുഴ കായലിലെ മാലിന്യം

നിർമ്മാർജ്ജനം ചെയ്യാനും മുൻകയ്യെടുക്കണം. വനം വകുപ്പുമായി സംയോജിച്ച് ഫോറസ്റ്റ് ടൂറിസം പദ്ധതി നടപ്പിലാക്കണം. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഹൈടെക്കാക്കാനും ഗൈഡുകൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്ന ഡിപ്ലോമ കോഴ്സുകൾ ആരംഭിക്കാനും സാംസ്കാരിക ടൂറിസം പദ്ധതി ആവിഷ്കരിക്കാനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എച്ച്. സലാം</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നാഷണൽ ഹൈവേ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കണം. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കാൻ മൊബൈൽ ആപ്പും ടോൾഫ്രീ നമ്പർ ഉൾപ്പെടെയുള്ള പബ്ലിക് ഇൻഫർമേഷൻ സെല്ലും രൂപീകരിച്ച നടപടി സ്വാഗതാർഹമാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി എലിവേറ്റഡ് ഹൈവേയുടെ ഡിസൈനുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കണം. എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾ കൃത്യമായി പൂർത്തിയാക്കാത്ത കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുള്ള പ്രൊവിഷൻ പൊതുമരാമത്ത് മാനുവലിൽ ഉൾപ്പെടുത്തണം. പൊതുമരാമത്ത്, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി വിഭാഗങ്ങൾ തമ്മിൽ എകോപനമുണ്ടാകണം. പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ

ഡിസൈനിംഗിൽ കാലാനുസൃതമായ മാറ്റം വരുത്താനും ടൂറിസം മേഖലയിലെ സാധ്യതകൾ ഉപയോഗപ്പെടുത്താനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കാനും തയ്യാറാകണം.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വയനാട് ജില്ലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിട്ടുള്ള പദ്ധതിയിന്മേൽ അനുകൂല തീരുമാനമെടുക്കുകയും കരിന്തണ്ടൻ മൂപ്പന് സ്മാരകം നിർമ്മിക്കുകയും ചെയ്യണം. തലയ്ക്കൽ ചന്തു, എടച്ചേന കുങ്കൻ, പഴശ്ശി സ്മാരകങ്ങൾ ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ട് പദ്ധതി ആവിഷ്കരിക്കണം. മാനന്തവാടി-കൽപ്പറ്റ-സുൽത്താൻബത്തേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന പനമരം റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നഞ്ചൻകോട്-നിലമ്പൂർ റെയിൽവേ പാത യാഥാർത്ഥ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ആൻസലൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയും മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്ന കരാറുകാർക്കെതിരെ നടപടി എടുക്കത്തക്കവിധത്തിൽ നിയമം ഭേദഗതി ചെയ്യുകയും ചെയ്യണം. ആഭ്യന്തര-ഉത്തരവാദിത്ത ടൂറിസത്തിലെ

സാധ്യതകൾ പ്രയോജനപ്പെടുത്തി പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ വികസിപ്പിക്കണം. അരുവിപ്പുറം, നെയ്യാറ്റിൻകര എന്നിവിടങ്ങളിലെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ സംരക്ഷിച്ച് ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിക്കണം.

ശ്രീ. എ. രാജ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പൊതുമരാമത്ത് വകുപ്പിൽ വിവിധ പദ്ധതികൾക്ക് നേതൃത്വം കൊടുക്കുന്ന വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്. വിനോദ സഞ്ചാരമേഖലയുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചതും വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട പശ്ചാത്തല സൗകര്യവും തദ്ദേശീയർക്ക് തൊഴിലവസരവും നൽകുന്ന വിനോദസഞ്ചാര നയം രൂപീകരിച്ചതും ടൂറിസം ഡെസ്റ്റിനേഷനുകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചതും സ്വാഗതാർഹമാണ്. ടൂറിസം മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധിബോർഡ് രൂപീകരിക്കാനും എല്ലാ പഞ്ചായത്തുകളിലും ടൂറിസം ഡെസ്റ്റിനേഷനുകൾ സ്ഥാപിക്കാനും ടൂറിസം മൊബൈൽ ആപ്പ് നടപ്പാക്കാനും പദ്ധതികൾ ആവിഷ്കരിക്കണം. പ്രസ്തുത മേഖലയിലുള്ളവരെ മുൻഗണനാപ്പട്ടികയിൽപ്പെടുത്തി വാക്സിനേഷൻ ലഭ്യമാക്കണം. മൂന്നാറിലേയ്ക്കുള്ള ട്രെയിൻ യാത്ര യാഥാർത്ഥ്യമാക്കണം. സഞ്ചാരികളെ

ആകർഷിക്കുന്നതിന് മൂന്നാർ ഫെസ്റ്റ് നടത്താനും ഫാം ടൂറിസം പ്രയോജനപ്പെടുത്താനും ഫുഡ് കോർട്ട് സംവിധാനങ്ങൾ ഏർപ്പെടുത്താനും ഷീ ലോഡ്ജുകൾ നടപ്പാക്കാനും നടപടി സ്വീകരിക്കണം. ആലുവ-മൂന്നാർ രാജപാത പുനർനിർമ്മാണത്തിനുള്ള സാദ്ധ്യതകൾ പരിശോധിക്കണം.

ഡോ. എം. കെ. മുനീർ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കിഫ്ബി പദ്ധതിയായ കൊടുവള്ളി നഗരത്തിലെ തുരങ്കനിർമ്മാണവുമായി ബന്ധപ്പെട്ട് നാഷണൽ ഹൈവേ അതോറിറ്റി/മുനിസിപ്പാലിറ്റിയുടെ അനുവാദം വാങ്ങുന്നതിനായി സ്ഥലം എം.എൽ.എ.-യുടെയും മറ്റ് ജനപ്രതിനിധികളുടെയും യോഗം അടിയന്തരമായി വിളിച്ചുചേർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. കൊടുവള്ളിയിൽ പണി മുടങ്ങിക്കിടക്കുന്ന പി.എച്ച്.സി.-കൾക്കും എഫ്.എച്ച്.സി.- കൾക്കും എ.എസ്. നൽകാനും ടി നിയോജകമണ്ഡലത്തിലെ കട്ടിപ്പാറ മേഖലയിലെ ടൂറിസം സാധ്യതകളെക്കുറിച്ച് വിശകലനം നടത്താനും തയ്യാറാകണം. കരമന-കളിയിക്കാവിള റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് മുൻകയ്യെടുക്കണം. ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലുടനീളം ഉത്തരവാദിത്ത വിനോദസഞ്ചാരമെന്ന ആശയം പ്രചരിപ്പിക്കുന്നതിനും സമഗ്രവും സുദീർഘവുമായ പരിപാടികൾ വിഭാവന ചെയ്യുന്നതിനും സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങൾക്കായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്. കാസർഗോഡ് - തിരുവനന്തപുരം ജലപാതയുടെ തീരത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 50 ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കാനും കൊല്ലം, കോഴിക്കോട്, ആറൻമുള എന്നിവിടങ്ങളിൽ പൈതൃക ടൂറിസം പദ്ധതികൾ ആരംഭിക്കാനുമുള്ള നടപടി സ്വാഗതാർഹമാണ്. പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന വകുപ്പുമന്ത്രിയുടെ പ്രഖ്യാപനം അഭിനന്ദനാർഹമാണ്. പാലാരിവട്ടം പാലം പുനർനിർമ്മിക്കുന്നതിനും മലയോര ഹൈവേയുടെ പന്ത്രണ്ട് റീച്ചുകളിൽ രണ്ടെണ്ണം പൂർത്തിയാക്കുന്നതിനും പത്തോളം റെയിൽവേ മേൽപ്പാലങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിലെ

അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചത് ശ്രദ്ധേയമാണ്. കിഫ്ബി മുഖേന 25,000 കോടി രൂപയുടെ നിർമ്മാണപ്രവൃത്തികൾ നടത്താനും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും ഗതാഗതക്കുരുക്ക് നേരിടുന്ന മേഖലകളിലെ മേൽപ്പാലങ്ങളും ബൈപ്പാസുകളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കുതിരാൻ തുരങ്കത്തിന്റെ ഒരു ടണൽ ഗതാഗതത്തിനായി തുറന്നുകൊടുക്കാൻ സർക്കാർ നടത്തിയ ഇടപെടലും ടൂറിസം മേഖലയെ പുനരുജ്ജീവിപ്പിക്കാൻ നടത്തുന്ന പ്രവർത്തനങ്ങളും ശ്രദ്ധേയമാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ടൂറിസം മേഖലയ്ക്ക് പലിശരഹിത വായ്പയും റിവോൾവിംഗ് ഫണ്ടും ലഭ്യമാക്കുന്നതോടൊപ്പം നിലവിൽ വായ്പയെടുത്തവരുടെ സിബിൽ സ്കോർ നിലനിർത്തുന്നതിനും ലോണുകൾക്ക് പലിശയിളവ് നൽകുന്നതിനും ഇടപെടലുണ്ടാകണം. പ്രാദേശിക ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതി ആവിഷ്കരിക്കണം. കാലടി-

മലയാറ്റൂർ-അതിരപ്പിള്ളി ടൂറിസം സർക്യൂട്ട് പ്രവൃത്തിപഥത്തിലെത്തിക്കണം. കരാർ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കാനും കാലതാമസം ഒഴിവാക്കുന്നതിനായി അതത് പ്രദേശങ്ങളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് മെയിന്റനൻസിനായി തുക അനുവദിക്കാനും നടപടി സ്വീകരിക്കണം. അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭൂമിയേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തണം. പി.ഡബ്ല്യൂ.ഡി., കെ.എസ്.ടി.പി. വർക്കുകൾ കൺസൾട്ടൻസിയെ ഏൽപ്പിക്കുന്നത് ഒഴിവാക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ദേശീയ-മലയോര-തീരദേശ പാതകളുടെ പ്രവൃത്തി പൂർത്തികരിക്കാനും പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പരാതികൾ സമയബന്ധിതമായി പരിഹരിക്കാനും കഴിഞ്ഞിട്ടുണ്ട്. ബി.എം. & ബി.സി. ഉപരിതല പ്രവൃത്തികളുടെ 50 ശതമാനവും പ്ലാസ്റ്റിക് ഉപയോഗിച്ച് പുനർനിർമ്മിക്കുന്നതാണ്. സംസ്ഥാനത്ത് സുരക്ഷിതയാത്ര സാധ്യമാക്കുന്നതിനായി എല്ലാ പ്രവൃത്തികളും പൊതുമരാമത്ത് വകുപ്പ് മുഖേന യഥാസമയം ചെയ്യുന്നതാണ്. ഡ്രെയിനേജിന്റെ അപര്യാപ്തത പരിഹരിച്ച് റോഡുകളുടെ നിലവാരം ഉറപ്പുവരുത്തുന്നതാണ്. കൊടുവള്ളി മണ്ഡലത്തിലെ

തുരങ്ക നിർമ്മാണം സംബന്ധിച്ച് പരിശോധിക്കുന്നതാണ്. കരിപ്പൂർ എയർപോർട്ട് അപ്രോച്ച് റോഡ് എൻ.എച്ച്. 966-ൽനിന്നും വിമാനത്താവളത്തിലേയ്ക്കുള്ള രണ്ട് കിലോമീറ്റർ ദൈർഘ്യമുള്ള നാലുവരി പാത അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിന് 11 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ടെക്നോളജിയുടെ സാധ്യതകൾ പരിശോധിച്ച് റോഡുകളുടെയും പ്രീ മൺസൂൺ പ്രവൃത്തികളുടെയും പാച്ച് വർക്കുകൾ നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് പാതയുടെ അലൈൻമെന്റ് സംബന്ധിച്ച വിശദാംശങ്ങൾ ലഭിച്ചതിനുശേഷം എം.എൽ.എ. മാരുമായി ചർച്ച ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വയനാട് ചുരത്തിന് ബദൽ പാതാ നിർദ്ദേശം പരിഗണനയിലാണ്. പി.ഡബ്ല്യു.ഡി.-യിലെ അഴിമതി നിർമ്മാർജനം ചെയ്യുന്നതിനായി നിലവിലുള്ള ഇന്റേണൽ വിജിലൻസ് സിസ്റ്റത്തെ കാര്യക്ഷമമാക്കുന്നതിന് നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതാണ്. ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ ജില്ലാതലത്തിൽ വിജിലൻസ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുകയും സെൻട്രലൈസ്ഡ് മോണിറ്ററിംഗ് നടത്തുകയും ചെയ്യുന്നുണ്ട്. പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവൃത്തികൾക്കായി നോഡൽ ഓഫീസറെ നിയമിച്ച്

പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വാക്സിനേറ്റ് ചെയ്യപ്പെട്ട ടൂറിസ്റ്റുകൾക്ക് ടൂറിസം ഡെസ്റ്റിനേഷനുകളിൽ അനുവാദം നൽകിയിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനത്തിലുള്ള സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൊച്ചി തുറമുഖത്തിന്റെ സഹകരണത്തോടെ ചെറുകിട തുറമുഖങ്ങളിലേയ്ക്ക് ചരക്ക് ഗതാഗതം പ്രോൽസാഹിപ്പിക്കുന്നതാണ്. അഴീക്കൽ ബേപ്പൂർ തുറമുഖങ്ങളിലേയ്ക്ക് ആരംഭിച്ച കണ്ടെയ്നർ സർവ്വീസ് കൊല്ലത്തേയ്ക്ക് നീട്ടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അഴീക്കൽ-ബേപ്പൂർ, കൊച്ചി-കൊല്ലം തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള റോറോ സർവ്വീസ് പരിഗണനയിലാണ്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിനാവശ്യമായ പാറ ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തുന്നുണ്ട്. അഴീക്കലിൽ പുതിയ തുറമുഖ നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ അടുത്ത വർഷം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ യൂണിറ്റ് കാസർഗോഡ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നീണ്ടകര മാരിടൈം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പണികൾ ഈ വർഷം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയും 37-നെതിരെ 91 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.01-ന് പിരിഞ്ഞു.

* * * * *